

THURSDAY 20/03/2025 വ്യാഴാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/03/2025

1. കേരള സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ്റെ സഹായത്തോടെ ഹോർട്ടികൾച്ചർ മേഖലയിൽ നവീന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകും. ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി ബ്ലോക്കുകളിൽ രൂപീകരിച്ചിട്ടുള്ള കർഷക ഉൽപ്പാദക സംഘങ്ങൾ, ജില്ലകളിൽ വിവിധ ഏജൻസികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്നതും മുൻകാലങ്ങളിൽ സാമ്പത്തികസഹായം ലഭിക്കാത്തതുമായ കർഷക ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് അപേക്ഷിക്കാം. പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, പ്ലാൻ്റേഷൻ വിളകൾ, കിഴങ്ങുവർഗങ്ങൾ, കൂൺ, തേൻ മുതലായ മേഖലകളിൽ വിളവെടുപ്പാനന്തര സേവനങ്ങൾക്കും മൂല്യവർധിത ഉൽപ്പന്ന നിർമാണത്തിനും ആവശ്യമായ സ്റ്റോറേജ് സംവിധാനങ്ങൾ, പാക്ക് ഹൗസുകൾ, സംസ്കരണ യൂണിറ്റുകൾക്കാവശ്യമായ യന്ത്രസാമഗ്രികൾ, മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവയ്ക്ക് പ്രോജക്ട് അധിഷ്ഠിത സഹായമായാണ് ആനുകൂല്യം നൽകുന്നത്. മാനദണ്ഡങ്ങൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിൻ്റെ 80 ശതമാനം സഹായമായി അനുവദിക്കും. അപേക്ഷ 22 നകം പ്രോജക്ട് പ്രൊപ്പോസലിനോടൊപ്പം അതാത് കൃഷി അസിസ്റ്റൻ്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്.

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 01/04/2025 മുതൽ 31/03/2026 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 24/03/2025-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരസ്യമായി ലേലം ചെയ്യുന്നതാണ്. 1000 രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ആഫീസിൽ നേരിട്ട് ബന്ധപ്പെടുകയോ, 0471-2732962 എന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക.

3. വെള്ളാനിക്കര കാർഷിക കോളേജ് പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ അക്വാപോണിക്സ് യൂണിറ്റില് വളർത്തിയ വരാല് മത്സ്യം വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 9847813402 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. വില്പന സമയം: 9:00 AM - 4:00 PM വരെയായിരിക്കും.

## പരിശീലന പരിപാടി

4. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 25.03.2025 ന് രാവിലെ 10 മണി മുതൽ നാല് മണിവരെ കർഷകർക്കായി കൃത്യതാ കൃഷി (Precision Farming) എന്ന വിഷയങ്ങളിൽ ഒരു ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 29122008, 6282937809 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

5. മലപ്പുറം തവനൂർ കൃഷി വിജ്ഞാന കേന്ദ്രം, കെ.വി.കെ ദിനത്തോടനുബന്ധിച്ച് കർഷകർക്കായി 'പച്ചക്കറികളിലെ സംയോജിത കീട-രോഗ നിയന്ത്രണം' എന്ന വിഷയത്തിൽ ഒരു ദിവസത്തെ സൗജന്യ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ മാർച്ച് 24ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12 മണി വരെയാണ് ക്ലാസ്സ്. താല്പര്യമുള്ളവർ മാർച്ച് 21ന് വൈകീട്ട് മൂന്നിന് മുൻപായി 8547193685 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് മാർച്ച് 24-നു സസ്യ ഇനങ്ങളുടെ മേലുള്ള കർഷകരുടെ അവകാശ സംരക്ഷണ നിയമത്തെക്കുറിച്ചുള്ള സെമിനാറും ചക്ക വിഭവങ്ങളുടെ മത്സരവും നടത്തപ്പെടുന്നു. വിദഗ്ധർ നയിക്കുന്ന ക്ലാസ്സുകളോടൊപ്പം ഭൗമ സൂചിക പദവി ലഭിച്ച കാർഷിക വിഭവങ്ങളുടെ പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്. ചക്ക കൊണ്ടുള്ള വിഭവങ്ങളുടെ മത്സരത്തിൽ പങ്കെടുക്കുന്നവർ വിഭവങ്ങൾ തയ്യാറാക്കി കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രാവിലെ 10 മുതൽ 4 വരെ 9400483754 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ. ഐ .ആർ.റ്റി.) ഇടവേള കൂടിയ ടാപ്പിങ് രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധപ്രയോഗം എന്നിവയിൽ പരിശീലനം നൽകുന്നു. കോട്ടയത്തുള്ള എൻ. ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് 25-ന് നടത്തുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ :training@rubberboard.org. in

8. വെള്ളാനിക്കര കർഷകഭവനത്തിൽ 2025 മാർച്ച് 22 ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ വളരുന്ന **മൈക്രോഗ്രീൻസ്** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ ഓഫീസ് നമ്പറായ 0487-2371104-ൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യുക രജിസ്ട്രേഷൻ സൗജന്യമാണ്. 30 സീറ്റുകൾ മാത്രം.